"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എറണാകുളം ജില്ല - കൊച്ചി നഗരസഭ - കുന്നത്തുനാട് താലൂക്ക് - പുത്തൻകുരിശ് വില്ലേജിലെ വിവിധ സർവ്വെ നമ്പറുകളിൽപ്പെട്ട സ്ഥലം ബ്രഹ്മപുരം ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ രണ്ടാം ഘട്ട നിർമ്മാണവുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത വകയിലെ LAR കേസുകളിന്മേലുള്ള വിധിക്കടതുക -ഭരണാനുമതി നൽകി ഉത്തരവാകുന്നു .

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(കൈ) നം.223/2025/LSGD തീയതി, തിരുവനന്തപുരം, 15-11-2025**

---

പരാമർശം:-

1. 13/03/2008-ലെ സ.ഉ.(സാധാ) 749/2008/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.
2. സ.ഉ (സാധാ) നം. 87 /2010/ത.സ്വ.ഭ.വ, തീയതി, 11.01.2010.
3. 01.01.2021 തീയതിയിലെ സ. ഉ (സാധാ) നം. 43/2020/ധന.
4. കൊച്ചി കോർപ്പറേഷൻ സെക്രട്ടറിയുടെ 22/4/2025-ലെ MOP2/24139/2008 നമ്പർ കത്ത്.
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 18/10/2025-ലെ LSGD/PD/16004/2025/REV-5 നമ്പർ കത്ത്.
6. എറണാകുളം ജില്ലാ കളക്ടറുടെ 23/10/2025 തീയതിയിലെ DCEKM/ 3257/ 2019-S4 നമ്പർ കത്ത്.

**ഉത്തരവ്**

കൊച്ചി നഗരസഭയിലെ ബ്രഹ്മപുരം ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ രണ്ടാം ഘട്ട നിർമ്മാണ ആവശ്യത്തിനായി എറണാകുളം ജില്ലയിൽ കുന്നത്തുനാട് താലൂക്കിൽ പുത്തൻകുരിശ് വില്ലേജിലെ വിവിധ സർവ്വെ നമ്പറുകളിൽപ്പെട്ട 18.33.03 ഹെക്ടർ സ്ഥലം അർജൻസി ക്ലോസിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്നതിന് സർക്കാർ പരാമർശം (1) പ്രകാരം അനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥലം കൊച്ചി കോർപ്പറേഷൻ സെക്രട്ടറിക്ക്, കൊച്ചി കോർപറേഷൻ സ്പെഷ്യൽ തഹസിൽദാർ (എൽ.എ) മുഖേന ഏറ്റെടുത്ത് നൽകിയിട്ടുള്ളതുമാണ്.

അക്വിസിഷൻ പൂർത്തിയാക്കുന്നതിനായി 85 കോടി രൂപ പരാമർശം (2) പ്രകാരം നഗരസഭയ്ക്ക് അനുവദിക്കുകയുണ്ടായെന്നും തുടർന്ന് പെരുമ്പാവൂർ സബ് കോടതിയിൽ ടി സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ എ ആർ കേസുകളിൽ അഡീഷണൽ എക്സ്പെന്റിച്ചറായി

ആകെ 55,69,75000/- രൂപ അനുവദിച്ചിട്ടുള്ളതുമാണെന്നും തുടർന്ന് വന്ന 22 എൽ.എ.ആർ കേസുകളുമായി ബന്ധപ്പെട്ട് നൽകേണ്ട വിധികട തുക ഇനത്തിൽ നൽകേണ്ട 17,72,57,000/- രൂപ 20.07.2021 തീയതിയിലെ സ.ഉ.(സാധാ) നം. 5031/2021/ധന ഉത്തരവ് പ്രകാരം നഗരസഭയ്ക്ക് അനുവദിച്ചിട്ടുള്ളതും, ടി തുക എൽ.എ.ആർ കേസുകളുമായി ബന്ധപ്പെട്ട് ബഹു പെരുമ്പാവൂർ സബ്കോടതി, മുൻപാകെ കെട്ടി വെച്ചിട്ടുള്ളതുമാണെന്നും ഇത്തരത്തിൽ നഗരസഭയ്ക്ക് ആകെ 158.4232 കോടി രൂപ ബഹു സർക്കാർ അനുവദിച്ചിച്ചിട്ടുള്ളതാണെന്നും , ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിനായി ഭൂമി ഏറ്റെടുക്കൽ പദ്ധതിയ്ക്ക് വേണ്ടി ബഹു സർക്കാർ അനുവദിച്ച തുകയായ 158.4232 കോടി രൂപ ഒരു വർഷം 16,9740,000/ രൂപാ (5,65,80,000*3 തവണ) വീതം നഗരസഭയുടെ വികസന ഫണ്ട് പൊതുവിഭാഗം തുകയിൽ നിന്നും 28 തവണകളായി ഈടാക്കുന്നതിന് പരാമർശം (3) പ്രകാരം സർക്കാർ തീരുമാനിക്കുകയും 2021-2022 സാമ്പത്തിക വർഷം മുതൽ 2023-2024 സാമ്പത്തിക വർഷം വരെയുള്ള കാലയളവിൽ 50,82,20,000/- രൂപ നഗരസഭ പ്ലാൻ ഫണ്ടിൽ നിന്നും കുറവ് ചെയ്തിട്ടുള്ളതുമാണെന്നും ടി സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ബഹു.പെരുമ്പാവൂർ സബ് കോടതിയിലെ വിവിധ എൽ.എ.ആർ കേസുകളിൽ ഫയൽ ചെയ്ത അപ്പീൽ വിധിക്കെതിരെ ബഹു.സർക്കാർ ഫയൽ ചെയ്ത വിവിധ എസ്.എൽ.പി.സി കളിലെ 21/02/2025 ലെ ഇടക്കാല ഉത്തരവ് പ്രകാരം, വിധിക്കടം ആറാഴ്ചക്കുള്ളിൽ ഒടുക്ക് വരുത്തേണ്ടതാണെന്നും ആയതിൽ വീഴ്ച വരുത്തുന്നപക്ഷം സർക്കാർ വക വസ്തുക്കൾ അറ്റാച്ച്മെന്റ് നടപടികളിൽ സ്വീകരിക്കുന്നതാണെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണെന്നും എന്നാൽ നിലവിൽ നഗരസഭ കടുത്ത സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്നസാഹചര്യത്തിൽ ഇത്രയും ഭീമമയായ തുക അടവാക്കുന്നതിന് നഗരസഭയ്ക്ക് സാധിക്കാത്തതാണെന്നും ആയതിനാൽ നിലവിലെ നഗരസഭയുടെ സാഹചര്യം കണക്കിലാക്കി ജപ്തി നടപടികൾ ഒഴിവാക്കുന്നതിനായി ബഹു.സുപ്രീം കോടതിയുടെ വിധി നടപ്പിലാക്കുന്നതിന് വിധിക്കടതുക ഒടുക്ക് വരുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് പരാമർശം (4) പ്രകാരം കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്. ടി ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഏകദേശം 86 കോടി രൂപയോളം അടിയന്തിരമായി ആവശ്യമായിട്ടുള്ളതാണെന്നും ടി തുക അടിയന്തിരമായി അനുവദിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും LAR 222/11, LAR 9/12, LAR 147/10, LAR 41/12 ,LAR 141/11 നം കേസുകളിൽ കക്ഷി EP ഫയൽ ചെയ്തിട്ടുള്ളതും ജപ്തി നടപടികളിൽ ഇരിക്കുന്നതുമാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (5) പ്രകാരം അറിയിച്ചിട്ടുണ്ട്.

ടി കേസുകളിൽ കക്ഷികൾ റഫറൻസ് ഫയൽ ചെയ്ത LAR കേസുകളിൽ വിധിയായിട്ടുള്ളതും, ആയതിനെതിരെ സർക്കാർ ബഹു. ഹൈക്കോടതിയിൽ അപ്പീൽ നൽകിയെങ്കിലും ആയത് നിരസിച്ചിട്ടുള്ളതും കക്ഷികൾ ഫയൽ ചെയ്ത അപ്പീൽ റഫറൻസ് കോടതി നൽകിയ വർദ്ധനവിനേക്കാൾ കൂടുതൽ വർദ്ധനവ് ബഹു.ഹൈക്കോടതി വിധിയായ സാഹചര്യത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശത്തിന്റെയും, സർക്കാരിൽ നിന്നുള്ള നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ 186 കേസുകളിൽ സർക്കാരിനുവേണ്ടി SLPC ഫയൽ ചെയ്തിട്ടുള്ളതാണെന്നും ടി SLP(C) കളിൽ ബഹു. സുപ്രീം കോടതിയുടെ 21/02/2025 ലെ ഇടക്കാല ഉത്തരവിൽ, റഫറൻസ് കോടതിയുടെ വിധിപ്രകാരമുള്ള മുഴുവൻതുകയും ആറാഴ്ച്ചയ്ക്കുള്ളിൽ കോടതിയിൽ ഡെപ്പോസിറ്റ് ചെയ്യുവാനും അല്ലാത്തപക്ഷം സ്റ്റേ വെക്കേറ്റ് ചെയ്യപ്പെടുമെന്നും വിധിയായിട്ടുള്ളതുമാണ്. ടി 186 SLP(C) കളിൽ 107 കേസുകളിൽ തുക അടച്ചിട്ടുള്ളതും റഫറൻസ് കോടതിയുടെ വിധിപ്രകാരമുള്ള തുക അടയ്ക്കുന്നതിന് സുപ്രീംകോടതി അനുവദിച്ച സമയപരിധി, ശേഷിക്കുന്ന 48 LAR കേസുകളിലും കഴിഞ്ഞിട്ടുള്ളതാണെന്നും, ടി കേസുകളുടെ സ്റ്റേ ഇല്ലാതാകുന്ന സാഹചര്യത്തിൽ ബഹു. ഹൈക്കോടതി വിധിപ്രകാരമുള്ള തുക നൽകേണ്ടിവരുന്നത് സർക്കാരിന് ഭീമമായ സാമ്പത്തിക ബാദ്ധ്യത വരുന്നതാണ് എന്നും LAR കേസുകളുടെ അപ്പീലിൽ സ്റ്റേ ലഭിക്കുന്നതിനായി ബഹു. സുപ്രീം

കോടതിയുടെ 21/02/2025 ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ റഫറൻസ് കോടതിയുടെ വിധിപ്രകാരം 30/11/2025 വരെയുള്ള പലിശ കണക്കാക്കി നിലവിൽ വിധിക്കട തുക അടക്കുവാനുള്ള 48 LAR കേസുകളിലേക്കായി 85,40,93,282 (എൺപത്തിയഞ്ചുകോടി നാല്പത് ലക്ഷത്തി തൊണ്ണൂറ്റിമൂവായിരത്തി ഇരുന്നൂറ്റി എൺപത്തി രണ്ടു രൂപ) അനുവദിക്കണമെന്നഭ്യർത്ഥിച്ച് പരാമർശം (6) പ്രകാരം എറണാകുളം ജില്ലാ കളക്ടറും അപേക്ഷ ലഭ്യമാക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. നിലവിൽ കൊച്ചി കോർപ്പറേഷൻ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്നും ഇത്രയും ഭീമമായ തുക അടവാക്കുന്നതിന് നഗരസഭയ്ക്ക് സാധിക്കാത്തതാണെന്നും ആയതിനാൽ നിലവിലെ നഗരസഭയുടെ സാഹചര്യം കണക്കിലാക്കി ജപ്തി നടപടികൾ ഒഴിവാക്കുന്നതിനായി ബഹു.സുപ്രിംകോടതിയുടെ വിധി നടപ്പിലാക്കുന്നതിന് വിധിക്കടതുക ഒടുക്ക് വരുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് കൊച്ചി കോർപ്പറേഷൻ സെക്രട്ടറി അപേക്ഷിച്ചിട്ടുള്ള സാഹചര്യത്തിൽ ജപ്തി നടപടികൾ ഒഴിവാക്കുന്നതിലേക്കായി, ബ്രഹ്മപുരം ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ രണ്ടാം ഘട്ട ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് വിധിക്കട തുക നിലവിൽ പെന്റിംഗായിട്ടുള്ള 48 LAR കേസുകളിന്മേലുള്ള വിധിക്കട തുക ഒടുക്കുന്നതിലേക്കായി 30/11/2025 വരെയുള്ള പലിശ ഉൾപ്പെടെ രൂ. 85,40,93,282 (എൺപത്തിയഞ്ചുകോടി നാല്പത് ലക്ഷത്തി തൊണ്ണൂറ്റിമൂവായിരത്തി ഇരുന്നൂറ്റി എൺപത്തി രണ്ടു രൂപ) അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ടിങ്കു ബിസ്വാൾ**

**പ്രിൻസിപ്പൽ സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

ജില്ലാ കളക്ടർ,എറണാകുളം ജില്ല.

കൊച്ചി കോർപ്പറേഷൻ സെക്രട്ടറി

പ്രിൻസിപ്പൽഅക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/ ഓഡിറ്റ്II), കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഐ&പി.ആർ.ഡി, വെബ് ന്യൂ മീഡിയ.

ധനകാര്യ വകുപ്പ് [24/09/2025 ലെ DEV-2/150/2025-FIN (3251760) പ്രകാരം]

കരുതൽ ശേഖരം/ ഓഫീസ് പകർപ്പ് (RE2/104/2025-LSGD.)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 15-11-2025 10:57:36

സെക്ഷൻ ഓഫീസർ